# Govt. Higher Secondary School
## Ala,Chengannur

# Academic Master Plan
## 2025

# ആല ഗവ .ഹയർ സെക്കന്ററി സ്കൂൾ ചരിത്രം

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ താലൂക്കിലെ ആലാ പഞ്ചായത്തിലാണ് ആല ഗവ. ഹയർ സെക്കന്ററി സ്കൂൾ നിലകൊള്ളുന്നത് .നാലുവശവും വെള്ളത്താൽ ചുറ്റപ്പെട്ടതുകൊണ്ട് അലയടിക്കുന്നത് എന്നർത്ഥം വരുന്ന ആല എന്ന പേരുണ്ടായതെന്നും അതല്ല ഇരുമ്പ് പണിക്കാരുടെ ഒരു വലിയ ആല ഉണ്ടായിരുന്നതുകൊണ്ട് സ്ഥലത്തിന് ആലാ എന്ന പേരുവന്നു എന്നും ഐതീഹ്യം .

കാലഹരണപ്പെട്ട ഉത്തരപ്പള്ളിയാറിനാൽ ചുറ്റപെട്ടതുകൊണ്ട് ആലാ മറ്റുപ്രദേശങ്ങളിൽ നിന്ന് ഒറ്റപ്പെട്ടു കിടക്കുന്നു .അതുകൊണ്ട് തന്നെ വിദ്യാഭ്യാസ സൗകര്യങ്ങളോ യാത്രാസൗകര്യങ്ങളോ ഉണ്ടായിരുന്നില്ല .എങ്കിലും പുരോഗമന ചിന്താഗതിക്കാരായ നാട്ടുകാർ ഒരു വിദ്യാഭ്യാസ സ്ഥാപനത്തെക്കുറിച്ച് ചിന്തിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയുംചെയ്തതിന്റെ ഫലമാണ് ശതാബ്ദി പിന്നിട്ടആലഗവ .ഹയർസെക്കണ്ടറി സ്കൂൾ .120 വർഷം മുൻപ് ആലായിലെ പ്രമുഖ സാമൂഹ്യ പ്രവർത്തകനും വിദ്യാസമ്പന്നനും ആയിരുന്ന പുല്ലംപ്ലാവിൽ നാരായണ കാരണവർ ശ്രീമൂലം മഹാരാജാവിന്റെ ആയിരുന്ന ശങ്കരൻ തമ്പിയെ സ്വാധീനിച്ച് ശ്രീ ശങ്കരവിലാസം എൽ .പി സ്കൂൾ എന്നപേരിൽ വിദ്യാലയത്തിന് അനുമതി നേടുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു .തുടർന്ന് ധാരാളം വിദ്യാർത്ഥികളുമായി യു .പി സ്കൂളാക്കുകയും പൊതുജനങ്ങളുടെ നിരന്തരമായ ആവശ്യത്തെ മാനിച്ച് അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന മാമ്പറ്റ രാഘവൻപിള്ളയുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിക്കുകയും ൽ ഹൈസ്കൂൾ ആയി ഉയർത്തുകയും ചെയ്തു .

വിദ്യാർത്ഥികളുടെ ബാഹുല്യം കാരണം എൽ .പി വിഭാഗം മാറി പ്രവർത്തിക്കുവാൻ തീരുമാനിക്കുകയും മാണിക്കശേരിൽ വർക്കി എന്ന വ്യക്തി സംഭാവന നൽകിയ സ്ഥലത്തു ജി .എൽ .പി .എസ് ആല എന്നപേരിൽ പ്രവർത്തിച്ചുവരുന്നു .1994 ൽ ആദ്യ ഹയർസെക്കണ്ടറി ബാച്ച് അനുവദിച്ചുകൊണ്ട് സ്കൂൾ ഹയർ സെക്കന്ററിയായി ഉയർത്തപ്പെടുകയും പ്രവർത്തനം തുടരുകയും ചെയ്യുന്നു .

# സ്കൂൾ മികവിന്റെ കാഴ്ച്ചപ്പാട്

- **Happy School** എന്ന ആശയം പഠനം ആസ്വാദ്യകരമാക്കുക
- എല്ലാ കുട്ടികളെയും മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നിവ ഫലപ്രദമായി എഴുതാനും സംസാരിക്കാനുമുള്ള ശേഷി ഉള്ളവരാക്കുക
- മൊബൈൽ ഫോൺ അമിതോപയോഗം മൂലമുള്ള ഗുരുതര പ്രത്യാഘാതങ്ങളിൽ നിന്ന് കുട്ടികളെ അകറ്റുക
- വായന ആസ്വാദ്യകരമാക്കാനും സാഹിത്യാഭിരുചി നേതൃപാടവം തുടങ്ങിയവ വർദ്ധിപ്പിക്കാൻ 'അക്ഷരത്തണലിലെ 'സജീവ സാന്നിധ്യമാക്കുക
- പൊതുവേദികളിലെ പ്രകടനം മികവുള്ളതാക്കാൻ കുട്ടികളെ സജ്ജരാക്കുക
- വിവിധ ശാസ്ത്ര പ്രതിഭകളെ വാർത്തെടുക്കുക
- കൃഷിയോട് ആഭിമുഖ്യമുള്ള ഒരു യുവതലമുറയെ സൃഷ്ടിക്കുക
- സ്കൂൾ പ്ലാസ്റ്റിക് വിമുക്തമാക്കുക
- ജൈവ വൈവിധ്യ ഉദ്യാനം നിർമ്മിക്കുക
- **Positive punishment** എന്ന ആശയത്തിലൂടെ കുട്ടികളെ ശരിയും തെറ്റും തിരിച്ചറിയാൻ പ്രാപ്തരാക്കുക
- പശ്ചാത്താപത്തോടെ തെറ്റുകൾ ഏറ്റുപറയുന്ന **Confession book** ലൂടെകുട്ടികളെ പരിവർത്തനത്തിൽ കൊണ്ടുവരിക
- പരിശീലനങ്ങളിലൂടെ സ്കോളർഷിപ്പുകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക .

## • അടിസ്ഥാന വിവരങ്ങൾ

- 
- വിദ്യാലയത്തിന്റെ പേര് : ഗവ .എച്ച് .എസ് .എസ് .ആലാ
- 
- വിലാസം : ഗവ .എച്ച് .എസ് .എസ്,ആലാ
- ചെങ്ങന്നൂർ
- പിൻ : 689126
- സ്കൂൾ കോഡ് : 36001
- 
- വിദ്യാഭ്യാസ ഉപജില്ല : ചെങ്ങന്നൂർ
- വിദ്യാഭ്യാസ ജില്ല : മാവേലിക്കര
- റവന്യൂ ജില്ല : ആലപ്പുഴ
- ബി .ആർ .സി : ചെങ്ങന്നൂർ
- ഗ്രാമപഞ്ചായത്ത് : ആലാ
- ബ്ലോക്ക് പഞ്ചായത്ത് : മുളക്കുഴ ഡിവിഷൻ
- ജില്ലാ പഞ്ചായത്ത് : ആലപ്പുഴ
- നിയമ സഭാ മണ്ഡലം : ചെങ്ങന്നൂർ
- ലോക്സഭാ മണ്ഡലം : മാവേലിക്കര
- താലൂക്ക് : ചെങ്ങന്നൂർ
- വില്ലേജ് : ആലാ
- ഇമെയിൽ : ghss.ala.chengannur@gmail.com

## അക്ഷര തണൽ

ആഴ്ചയിൽ രണ്ട് ദിവസം രണ്ട് കുട്ടികളുടെ നേതൃത്വത്തിൽ എല്ലാ കുട്ടികളെയും സ്കൂൾ അങ്കണത്തിലെ മരത്തണലിൽ ഇരുത്തി അക്ഷരതണൽ ആരംഭിക്കുന്ന നേരത്തെ നിശ്ചയിച്ച പ്രകാരം ഒരു കുട്ടി ലൈബ്രറിയിൽ നിന്നും എടുത്ത പുസ്തകം വായിക്കുകയും മറ്റുകുട്ടികൾ ശ്രദ്ധാപൂർവ്വം കേൾക്കുകയും ചെയ്യുന്നു.അതിനുശേഷം ഒന്നുരണ്ടു കുട്ടികൾ കേട്ട ഭാഗത്തിന്റെ അഭിപ്രായം പറയുകയും ചെയ്യുന്നു.ഇതിലൂടെ കുട്ടികളുടെ പദസമ്പത്ത് വർദ്ധിക്കുകകയും വായനാശീലം ഉണ്ടാകുകയും ചെയ്യുന്നു .ദേശീയ തലത്തിൽ തന്നെ ശ്രദ്ധ നേടിയ സ്കൂളിന്റെ ഒരു തനതുപ്രവത്തനമാണ്.

## കരുതലോടെ ഒപ്പം

വിഭിന്നങ്ങളായ പരിമിതികൾ ഉള്ള കുടുംബ പശ്ചാത്തലത്തിൽ നിന്നും വരുന്ന കുട്ടികൾക്ക് രക്ഷിതാവിന്റെ കരുതൽ സ്കൂളിലും ഉറപ്പാക്കുന്ന പദ്ധതി .പൊതുപരീക്ഷയെ അഭിമുഖീകരിക്കുന്ന കുട്ടികളെ ഓരോ അദ്ധ്യാപകർ നറുക്കെടുപ്പിലൂടെ തെരഞ്ഞെടുത്തു പഠന പിന്തുണയോടൊപ്പം ആവശ്യമായ മാനസീക വൈകാരിക പിന്തുണ കൂടി നൽകുന്ന പദ്ധതിയാണിത് .തിരഞ്ഞെടുക്കപ്പെട്ട കുട്ടികളെ നിരന്തരമായി അധ്യാപകൻ /പിക നിരീക്ഷിക്കുകയും വേണ്ടുന്ന നിർദേശങ്ങൾ നൽകി ഒപ്പം നിൽക്കുകയും ചെയ്യുന്നു .വളർച്ചയുടെ ഘട്ടത്തിൽ കുട്ടികൾ നേരിടുന്ന വെല്ലുവിളികളെ

അതിജീവിക്കുവാൻ മാതാപിതാക്കളോടൊപ്പം ഒരു അധ്യാപകനോ അധ്യാപികയോ കരുതലോടെ കൂടെ നിന്ന് കുട്ടികളെ മികച്ച വിജയത്തിലേക്കെത്തിക്കുന്ന പ്രവർത്തനമാണ് .മുൻവർഷങ്ങളിൽ പരീക്ഷിച്ച് കുട്ടികൾക്ക് മികച്ച വിജയം സാധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട് USS പരീക്ഷ എഴുതുന്ന ക്ലാസ്സിലേക്ക് കൂടി ഈ പദ്ധതി വ്യാപിച്ചിട്ടുണ്ട് .

## ശ്രദ്ധ

5 മുതൽ 9 വരെയുള്ള കുട്ടികളിൽ പഠന പിന്നോക്കം നിൽക്കുന്നവർക്ക് എഴുത്ത് വായന ഗണിതശേഷി ശാസ്ത്ര ബോധം പൊതുവിജ്ഞാനം എന്നിവ ഉറപ്പിക്കുന്നതിനുള്ള പദ്ധതി പ്രത്യേകംടൈംടേബിൾ തയ്യാറാക്കി രാവിലെ 9.30 മുതൽ ക്ലാസുകൾ നടക്കുന്നു .

## ലഹരിവിരുദ്ധ പരിപാടി

യുവതലമുറയെ ലഹരിയുടെ പിടിയിൽ അകപ്പെടാതിരിക്കാൻ വിമുക്തി ,ടീൻസ് ക്ലബ് ,സോഷ്യൽ സർവീസ് സ്കീം എന്നിവയുടെ ആഭിമുഖ്യത്തിൽ സ്കൂളിൽ വിവിധ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു .ഇതിന്റെ ഭാഗമായി Skit ,മൈം ,പോസ്റ്റർ നിർമ്മാണം ചിത്രരചന ,Signature Campaign ,C അക്ഷര തണൽ

.

## ക്ലബ് പ്രവർത്തനങ്ങൾ

എല്ലാ വിഷയങ്ങളുടെയും ക്ലബ് പ്രവർത്തനങ്ങൾ വിഷയദ്ധ്യാപകരുടെ നേതൃത്വത്തിൽ ഓരോ ദിവസങ്ങളിൽആയി വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ നടത്തിവരുന്നു .

## വർക്ക് ഷോപ്

പഠനത്തോടൊപ്പം വിവിധ തൊഴിൽ നൈപുണികൾ കൂടി ഉറപ്പിക്കുന്നതിനായി വർക്ക് ഷോപ് ഇൻസ്ട്രക്ടറുടെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ -കൃഷി ,പ്ലംബിംഗ് ,വയറിങ്,മെറ്റൽകാർവിങ്,സ്റ്റിച്ചിങ് ,പെയിന്റിംഗ്,ക്രാഫ്‌വർക്ക് ,പാഴ്‌വസ്തുക്കളിൽ നിന്നും ഉത്പന്നങ്ങൾ ,ത്രെഡ് പാറ്റേൺ ,ക്ലേ മോഡലിംഗ് ,പോട്ടറി മേക്കിങ് ,അഗർബത്തി മേക്കിങ് ,ഫയൽ മേക്കിങ് ,പാവ നിർമ്മാണം ,വെജിറ്റൽ പ്രിന്റിങ് .

## ടിങ്കറിങ് ലാബ്

സാങ്കേതിക വിദ്യ പ്രധാന പങ്ക് വഹിക്കുന്ന ഈ കാലത്ത് കാലത്തിന്റെ മാറ്റത്തിനനുസരിച്ച് വിദ്യാർത്ഥികളെ പാകപ്പെടുത്തുന്നതിനും സാങ്കേതിക വിദ്യ ,നിർമ്മിത ബുദ്ധി ,റോബോട്ടിക്സ് എന്നിവയിൽ പരിശീലനം നൽകുന്നതിനായി ഉള്ള പദ്ധതി ആണ് ടിങ്കറിങ് . ക്രിയാത്മക ചിന്ത ,സർഗാത്മകത നേതൃപാടവം എന്നിവ വളർത്തി നാളത്തെ ശാസ്ത്രജ്ഞൻമാരെ

വാർത്തെടുക്കുന്നതിന്റെ ആദ്യപടിയാണിത് .ഇതിനായി വിവിധ റോബോട്ട് നിർമ്മാണ സാമഗ്രികൾ ,വിവിധ ഇലക്ട്രോണിക് സെൻസറുകൾ ,ത്രിമാന രൂപങ്ങൾ നിർമ്മിക്കുന്ന ത്രീ ഡി പ്രിന്റേഴ്സ് ,ടൂൾ കിറ്റ് ,ആധുനിക രീതിയിൽ ഉള്ള ലാബ് എന്നിവ ഒരുക്കിയിരിക്കുന്നു .

## ലൈബ്രറി

ആലപ്പുഴ ജില്ലയിലെ മികച്ച സ്കൂൾ ലൈബ്രേറി ആണ് ആല സ്കൂളിന്റേത് .22000 അധികം പുസ്തകങ്ങളുടെ ശേഖരമുള്ള ലൈബ്രറി ആണ് .കുട്ടികളിലെ വായനാശീലവും സർഗാത്മക ശേഷിയും വളർന്നുവരാൻ ഈ ലൈബ്രറി സഹായിക്കുന്നു .കുട്ടികൾക്ക് അവരുടെ അഭിരുചിക്ക് ഇണങ്ങിയ പുസ്തകങ്ങൾ തിരഞ്ഞെടുത്ത് വായിക്കാനുള്ള അവസരം നൽകുന്നു .

## കൗൺസിലിങ് വിങ്

വളരെകാലങ്ങളായി കൗൺസിലിംഗ് വിങ്ങിന്റെ പ്രവർത്തനം സ്കൂളിൽ നടന്നു വരുന്നു .വ്യക്തിഗത കൗൺസിലിംഗ് ,കുടുംബ കൗൺസിലിംഗ് ,ഗ്രൂപ്പ്തെറാപ്പി ,ദിനാചരണങ്ങൾ ,ഭവനസന്ദർശനം ബോധവൽക്കരണ ക്ലാസ്സുകൾ എന്നിവ ഇതിന്റെ ഭാഗമായി നടന്നു വരുന്നു .10-)o ക്ലാസ്സ് വിദ്യാർത്ഥികൾക്ക് പഠനപിന്തുണ നൽകാനായി ആവിഷ്കരിച്ച 'കരുതലോടെ ഒപ്പം ' നിലവിൽ കൗൺസിലിംഗ് വിങ്ങിന്റെ നേതൃത്വത്തിൽ ആണ് നടത്തിവരുന്നത് .ഈ പദ്ധതി USS പോലുള്ള മറ്റു മൽസര പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന കുട്ടികൾക്കും കൂടി പ്രയോജനപ്പെടുത്തുവാൻ തീരുമാനിച്ചു .

## ശാസ്ത്രലാബ്

ശാസ്ത്ര പരീക്ഷണങ്ങൾ നടത്താനും ശാസ്ത്രകൗതുകം വളർത്താനും അനവധി ശാസ്ത്ര ഉപകരണങ്ങളും മാതൃകകളും (സ്പെസിമെൻ )ഉള്ള മികച്ച ഒരു ശാസ്ത്ര ലാബ് സ്കൂളിൽ ഉണ്ട് .വിവിധ ക്ലാസ്സുകളിലെ ശാസ്ത്ര പരീക്ഷണങ്ങൾ കുട്ടികൾ ഇവിടെ ചെയ്യുകയും നിരീക്ഷിക്കുകയും ചെയ്യുന്നു .

## കൃഷി

ഉച്ചഭക്ഷണ പദ്ധതിയുടെയും പരിസ്ഥിതി പ്രവർത്തനങ്ങളുടെയും ഭാഗമായി കൃഷി സ്കൂളിൽ ചെയ്തുവരുന്നു .ഇത് വിഷരഹിത പച്ചക്കറി കൃഷി ചെയ്യാനും കുട്ടികളുടെ കാർഷിക അഭിരുചി വളർത്തുന്നതിനുമായി വിഭാവനം ചെയ്യുന്നു .വിവിധ തരം പച്ചക്കറികൾ കൃഷി ചെയ്യുകയും അതിന്റെ വളപ്രയോഗം ,വിളവെടുപ്പ് എന്നിവ മനസ്സിലാക്കാൻ കുട്ടികളെ സഹായിക്കുന്നു .

## റേഡിയോപ്രോഗ്രാം

കുട്ടികളെ വായനയിലും എഴുത്തിലും മുൻനിരയിലേക്ക് കൊണ്ടുവരാനായി പ്രത്യേക പരിശീലനം നൽകി പരിപാടികൾ അവതരിപ്പിക്കാനായി റേഡിയോ സ്റ്റേഷൻ ലേക്ക് കൊണ്ടുപോകുന്നു റേഡിയോ നാടകമാണ് ഈ വർഷം അവതരിപ്പിക്കാനായി ഉദ്ദേശിക്കുന്നത് .

## വൺ സ്കൂൾ വൺ ഗെയിം

കായികപരമായ മുന്നേറ്റത്തിനായി കുട്ടികൾക്ക് ബാഡ്മിന്റൺ പ്രത്യേകം പരിശീലനം നൽകി മത്സരിക്കാനുള്ള അവസരം നൽകുന്നു .

## സ്റ്റഡി ടൂർ

പഠന പ്രവർത്തനത്തിന്റെ ഭാഗമായി എല്ലാ വർഷവും കുട്ടികളെ കൊണ്ടുപോകുന്നതുപോലെ വിനോദവും വിദ്യാഭ്യാസവും മുൻനിർത്തി പാഠഭാഗങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനോ പ്രകൃതി പ്രതിഭാസങ്ങളുടെ നിരീക്ഷണത്തിനായോ അനുകൂലമായ ഒരു സ്ഥലത്തേക്ക് വിദ്യാർത്ഥികളുമായി ഒരു പഠനയാത്ര വിഭാവനം ചെയ്യുന്നു .

## സോഷ്യൽ സർവീസ് സ്കീം

വിദ്യാർത്ഥികളിൽ സാമൂഹിക സേവന സന്നദ്ധത ,ദേശസ്നേഹം ,പൗരബോധം ,മൂല്യബോധം സഹഭാവം ,നേതൃഗുണം തുടങ്ങിയവ നേടിയെടുത്തു ഉത്തമ പൗരന്മാരായി വാർത്തെടുക്കാൻ സോഷ്യൽ സർവീസ് സ്കീം പ്രവർത്തനങ്ങൾ സഹായിക്കുന്നു .സഹവ്യാസ ക്യാമ്പ് ,ബോധവൽക്കരണംക്ലാസ്സുകൾ ,ശിൽപ്പശാലകൾ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സാമൂഹിക ഇടപെടലുകൾ തുടങ്ങിയ നിരവധി പ്രവർത്തനങ്ങളിലൂടെ കുട്ടികളെ മികച്ച പൗരന്മാരായി മാറ്റുന്നു .

## ജൈവ വൈവിധ്യ ഉദ്യാനം

ഈ അധ്യയന വർഷം ജൈവവൈവിധ്യ ഉദ്യാനം സ്കൂളിൽ നടപ്പിലാക്കുന്നു . ഔഷധ സസ്യങ്ങൾ ,ഉദ്യാന സസ്യങ്ങൾ ചെറിയ ഫല വൃക്ഷങ്ങൾ എന്നിവ കൂടാതെ കുളം മൽസ്യങ്ങൾ എന്നീ ആവാസ വ്യവസ്ഥകളെല്ലാം സമ്മേളിക്കുന്ന ഒരു ജൈവ വൈവിധ്യ

ഉദ്യാനം ആണിത് .പ്രകൃതിയിൽ കാണുന്ന വിവിധ തരം ചിത്രശലഭങ്ങളെ ആകർഷിക്കുന്ന സസ്യങ്ങളും അവയുടെ പരിസ്ഥിതിയിലുള്ള സ്വാധീനവും കുട്ടികളെ മനസ്സിലാക്കാൻ സഹായിക്കുന്നു .

## NMMS -USS പരിശീലനം

8-)o ക്ലാസ്സിലെയും 7-)o ക്ലാസ്സിലെയും കുട്ടികൾക്കുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് പ്രത്യേക പരിശീലനം ഈ അധ്യയന വർഷത്തിന്റെ തുടക്കം മുതൽ തന്നെ നൽകിവരുന്നു .ഈ പരിശീലനം കൊണ്ട് മികച്ച വിജയം നേടാൻ സാധിച്ചു.

## എഴുത്തുപെട്ടി

കുട്ടികൾ വായിച്ച പുസ്തകത്തിന്റെ ആസ്വാദനം തയ്യാറാക്കി എഴുത്തുപെട്ടിയിൽ നിക്ഷേപിക്കുന്ന ഒരു പ്രവർത്തനം സ്കൂളിൽ നടന്നുവരുന്നു .മാസത്തിൽ ഒരിക്കൽ മികച്ച ആസ്വാദന കുറിപ്പിന് സമ്മാനം നൽകി കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു .ഇതുവഴി കുട്ടികളിലെ സർഗ്ഗശേഷി വർദ്ധിപ്പിക്കാനും വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടാനും പുതിയതും പഴയതുമായ എഴുത്തുകാരെ പരിചയപ്പെടുന്നതിനും കുട്ടികൾക്ക് അവസരം നൽകുന്നു

## ആഘോഷങ്ങൾ

ഈ അധ്യയന വർഷം യുവജനോത്സവം ,ഓണപ്പരിപാടികൾ ക്രിസ്തുമസ് ആഘോഷം എന്നിവ വ്യത്യസ്തമായും ആഘോഷിക്കാൻ തീരുമാനിച്ചിട്ടുണ്ട് .ഇത് വൈവിദ്ധ്യമാർന്ന നിറപ്പകിട്ടാർന്ന വാർഷികാഘോഷത്തോടെ സമാപിക്കുന്നതിനായി വിഭാവനം ചെയ്യുന്നു .

# TEENS CLUB

കൗമാരക്കാർക്കും രക്ഷകർത്താക്കൾക്കും അധ്യാപകർക്കും പ്രത്യേക പരിശീലനങ്ങൾ നൽകിക്കൊണ്ട് പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും ധാരണകളെ നവീകരിക്കുന്നതിനും കൗമാരക്കാർക്ക് പുതിയ വാതിൽപ്പുറങ്ങൾ സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യം വയ്ക്കുന്നു.കൗമാരകാലത്തെ ശാരീരിക -വൈകാരിക -സാമൂഹിക വികാസത്തെക്കുറിച്ച് ധാരണ രൂപപ്പെടുത്തുന്നതിന് ക്രിയാത്മക കൗമാരം കരുത്തും കരുതലും"എന്ന പദ്ധതി നടത്തി വരുന്നു .

## അവധിക്കാല ക്യാമ്പ്

കുട്ടികളുടെ അവധിക്കാല വിരസത അകറ്റാനും ഉത്സാഹം,അറിവ്,വിനോദം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി പെണ്ണുക്കര വിശ്വഭാരത്തി ഗ്രന്ഥശാലയുമായി സഹകരിച്ച വർഷങ്ങളായി നടന്നു വരുന്നു. വേനൽക്കാല ക്യാമ്പ് കൂട്ട് "എന്ന പേരിൽ ഈ വർഷവും സംഘടിപ്പിക്കുകയുണ്ടായി . കുട്ടികൾക്കു പ്രഗത്ഭരായ വ്യക്തികളുമായി സഹകരിക്കാനും അവരിൽ സാമൂഹിക പാരിസ്ഥിതിക വൈജ്ഞാനിക ബോധം ഉണർത്താനും ഈ ക്യാമ്പ് സഹായിച്ചു.

## അക്ഷരക്കൂട്ട്

**നിരവധി കാരണങ്ങളാൽ കുട്ടികളിലുണ്ടായ പഠന വിടവ് പരിഹരിക്കുന്നതിനായി സമഗ്ര ശിക്ഷ കേരളത്തിന്റെ**

നിർദേശപ്രകാരം UP-HS വിഭാഗങ്ങളിലായി നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്ന പ്രവർത്തനമാണ് അക്ഷരക്കൂട്ട് .ഭാഷാ ശേഷി കൈവരിക്കാത്ത കുട്ടികൾക്ക് മറ്റൊരു വിഷയത്തിലും മുന്നേറാൻ സാധ്യമല്ലെന്നുള്ള യുടെ തിരിച്ചറിവാണ് മാതൃഭാഷയിൽ അനിവാര്യമായ ശേഷികൾ കൈവരിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിന് അനുയോജ്യമായ പ്രവർത്തന പദ്ധതി തയ്യാറാക്കാൻ ഞങ്ങളെ പ്രേരിപ്പിച്ചത് .ക്ലാസ്സ് മുറിയുടെ ഔപചാരിതകളില്ലാതെ പ്രകൃതിയുടെ സ്പന്ദനങ്ങളെ തൊട്ടറിഞ്ഞു വൈവിധ്യമാർന്ന കളികളിലൂടെയും നിർമ്മാണ പ്രവർത്തനങ്ങളിലൂടെയും അവരറിയാതെ തന്നെ ആവശ്യമായ ഭാഷാശേഷികൾ കൈവരിക്കാനും അക്ഷരങ്ങളുമായി കൂട്ടുകൂടാനും വിഭാവനം ചെയ്ത പ്രവർത്തനമായതുകൊണ്ട് അക്ഷരക്കൂട്ട് എന്ന പേര് ഈ പദ്ധതിക്ക് തികച്ചും യോജിക്കുന്നതാണെന്ന് കരുതുന്നു .

## ഗണിത ക്ലബ്

**VISION**

**താരതമ്യ ബുദ്ധിയുള്ള, ആലോചനാ ശേഷിയുള്ള, പ്രശ്ന പരിഹാര ശേഷിയുള്ള ഉത്തരവാദിത്തമുള്ള പൗരന്മാരായി വളരുന്ന കുട്ടികളെ ഗണിത ശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.**

**MISSION**

**> എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ, പങ്കാളിത്വം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക.**

**> പഠനം ആസ്വാദ്യകരവും പ്രായോഗികവുമാക്കാൻ അക്കാഡമിക്, നോൺ അക്കാഡമിക് പ്രവർത്തന ങ്ങൾ സംയോജിപ്പിക്കുക.**

> ഗണിത ശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾ, ദിനാചരണങ്ങൾ, മേളകൾ, മത്സരങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക.

# സമഗ്രഗുണമേന്മ വിദ്യാഭാസ പദ്ധതി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയ കൾ എല്ലാ പഠിതാക്കൾ ക്കും ഉറപ്പ് വരുത്തുക . | കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനം നൽകുന്നു. (നമ്പർ , കാർഡ് ഫ്ലാഷ് കാര്ഡ് ഉപയോഗിച്ച്) | ജൂൺ ജൂലൈ മാസം | ഗണിത അധ്യാപകൻ |
| ഗണിതം മധുരമാക്കാൻ ഗണിത ലൈബ്രറി | കുട്ടികൾ തയാറാക്കുന്ന ഗണിത നിഘണ്ടു പതിപ്പുകൾ മാഗസിനുകൾ മറ്റ് പ്രവർത്തനങ്ങൾ ഇവ ക്ലാസ്റൂമിൽ തന്നെ സൂക്ഷിക്കുന്നു | വർഷം മുഴുവൻ | ഗണിത അധ്യാപകൻ |
| ഗണിത പഠനം.രസകരമാക്കുക | ടാൻഗ്രാം ഒറിഗാമി പരിശീലനം | ഓഗസ്റ്റ് സെപ്റ്റമ്പർ | ഗണിത അധ്യാപകൻ |
| IT പരിശീലനം | ജിയോജിബ്രയിൽ പ്രത്യേക പരിശീലനം നൽകുക | വർഷം മുഴുവൻ | ഗണിത അധ്യാപകൻ |
| കുട്ടികളുടെ ഗണിത താൽപര്യം വർധിപ്പിക്കുക. ഗണിതത്തിൽ മുന്നോട്ട് നിൽക്കുന്ന കുട്ടികളെ കണ്ടെത്തുക | ഗണിത ക്ലബ്പസിലുകൾ , ക്വിസ് ഗെയിം സംഘടിപ്പിക്കുക. | മാസത്തിൽ രണ്ടു തവണ | അധ്യാപകൻ വിദ്യാർത്ഥികൾ |
| ഗണിതത്തിൽ മുന്നോട്ട് നിൽക്കുന്ന കുട്ടികളെ മേളയ്ക്ക് പരിശീലിപ്പിക്കുക. | ഗണിതമേളയ്ക്ക് വേണ്ടി geometrical chart, Number chart, Puzzle, game, magazine ഇവ തയ്യാറാകുക | ഓഗസ്റ്റ് സെപ്റ്റമ്പർ | ഗണിത അധ്യാപകൻ |
| ഗണിതശാസ്ത്രജ്ഞരെ പരിചയപ്പെടുത്തുക | ദിനാചരണം<br>Pi day<br>ശകുന്തളാ ദേവി ദിനം. ദേശീയ ഗണിത ദിനം | ജൂലൈ 22<br>നവംബർ 4<br>ഡിസംബർ 22 | അധ്യാപകൻ വിദ്യാർത്ഥികൾ |

# ACADEMIC MASTER PLAN - SOCIAL SCIENCE

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| സാമൂഹികശാസ്ത്ര വിഷയ Social science പഠനത്തിലൂടെ പഠിതാക്കളെ വിവിധ മത്സരങ്ങളിലൂടെ ദേശീയ നിലവാരത്തിൽ എത്തിക്കുക | ആവർത്തിച്ചുള്ള ക്വിസ് മത്സരങ്ങൾ | അക്കാഡമിക് വർഷം | Social science club | SRG |
| ആനിക ആനുകാലിക സംഭവങ്ങളിൽ ഉള്ള അറിവ് ലഭ്യമാക്കുക | ആനുകാലിക ഉൾക്കൊള്ളിച്ചുള്ള ചർച്ച സെമിനാർ | അക്കാഡമിക് വർഷം | Social science club | SRG |
| ചരിത്ര പ്രാധാന്യം പ്രധാന സംഭവങ്ങളിലുള്ള അറിവ് വർദ്ധിപ്പിക്കുക | *Demonstration<br>* Skit | അക്കാഡമിക് വർഷം | Social science club | SRG |
| സാമൂഹ്യശാസ്ത്രത്തിലെ വിവിധ ഭാഗങ്ങളിലെ മോഡലുകൾ ചിത്രങ്ങൾ എന്നിവ നിർമിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുക | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട മോഡലുകൾ ആൽബം ചാർട്ടുകൾ എന്നിവയുടെ നിർമ്മാണം | അക്കാഡമിക് വർഷം | Social science teacher | Social science club |
| കുട്ടികളുടെ ആശയവിനിമയ ശേഷി വർദ്ധിപ്പിക്കുക സഭാകമ്പമറ്റുക | ഒരു വിഷയം ആഴ്ചയിലൊരിക്കൽ ഒരു കുട്ടി ഓഡിയൻസിന് മുൻപിൽ അവതരിപ്പിക്കുക വിഷയം അധ്യാപക മുൻകൂട്ടി കുട്ടിക്ക് നൽകണം | അക്കാഡമിക് വർഷം | Social science club | SRG |
| ഭൂപടവായന കുട്ടികൾക്ക് പരിചിതമാക്കുക സ്ഥലം നിർണ്ണയം നടത്തുവാൻ പരിശീലിപ്പിക്കുക | *വിവിധതരം മാപ്പുകൾ പരിചയപ്പെടുത്തുന്നു<br>*മാപ്പുകൾ സ്വയം നിർമ്മിക്കുന്നു | അക്കാഡമിക് വർഷം | Social science | SRG |
| കാലാവസ്ഥ പ്രവചനം ടെലികാസ്റ്റിംഗ് എന്നിവ പരിചയപ്പെടുത്തുക | ഹയർ സെക്കൻഡറി വിഭാഗവുമായി ചേർന്ന് വെതർ സ്റ്റേഷൻ സന്ദർശിച്ച ഓരോ ദിവസത്തെ കാലാവസ്ഥ ടെലികാസ്റ്റ് നടത്തുക | അക്കാഡമിക് വർഷം | Social science | SRG |

# ACADEMIC MASTER PLAN – SHORT TERM MALAYALAM

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | പിന്തുണ |
| --- | --- | --- | --- | --- |
| ഭാഷപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളകം) | *അക്ഷരം ഉറപ്പിക്കൽ<br>*അടയാളം ഉറപ്പിക്കൽ<br>*വാക്കുകൾ എഴുതിയ കാർഡ്<br>*ചിത്രംഅടിക്കുറിപ്പ്<br>*ചിത്രം കഥയെഴുതുകൾ<br>*പുസ്തകം നൽകൽ<br>*ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് ക്ലാസ് | ജൂൺ-ജൂലൈ | മലയാളം ക്ലബ് | BRC<br>DIET<br>PTA<br>SCERET |
| കുട്ടിയ മികച്ച വായനക്കാരൻ ആക്കുക (വയനാക്കൂട്ടം) | *ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>*വായനമൂല ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>*സ്കൂൾ ലൈബ്രറി നവീകരിക്കാൻ<br>*പത്രവായന<br>*വായനാനുഭവം പങ്കുവെക്കൽ<br>*വായനക്കുറിപ്പ് പതിപ്പ്<br>*ദിനാചരണങ്ങൾ<br>*വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം<br>*ആസ്വാദകരമായ വായന<br>*ഇ വായന | 6 Month | മലയാളം ക്ലബ് | BRC<br>DIET<br>PTA<br>SCERET |
| കുട്ടികളെ മികച്ച എഴുത്തുകാരൻ ആക്കുക (എഴുത്തുകൂട്ടം ) | *എഴുത്തുകൂട്ട രൂപീകരിക്കൽ<br>*പുസ്തക ചർച്ചക്ക്<br>* ക്ലാസ് ലൈബ്രറി<br>*വായനാക്കുറിപ്പ് പതിപ്പ്<br>*വായനാക്കുറിപ്പ്,ആസ്വാദനക്കുറിപ്പ്<br>*പൊതുവേദിയിൽ സംസാരിക്കാനുള്ള കഴിവ്<br>*വ്യക്തിഗത രചന സംഘ രചന<br>*രചയിതാക്കളെ പരിചയപ്പെടുത്തൽ | 6 Month | മലയാളം ക്ലബ് | BRC<br>DIET<br>PTA<br>SCERET |

# ACADEMIC MASTERPLAN – SCIENCE

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| എല്ലാ കുട്ടികളിലും ശാസ്ത്ര പഠനത്തിലൂടെ മുൻ ക്ലാസുകളിൽ നേട്ടേണ്ട അടിസ്ഥാന ശേഷികൾ ഉണ്ടെന്ന് ഉറപ്പുവരുത്തുക | *പ്രീടെസ്റ്റ്,മൂല്യനിർണയം<br>*പഠനഗ്രൂപ്പിൽ ആസൂത്രണം<br>*ആശയങ്ങൾ,ധാരണകൾ ഉറപ്പിക്കൽ<br>*പഠനപിന്നോക്കാവസ്ഥയിലുള്ളവർക്ക് സഹായം | June- July | Science club | SRG |
| ശാസ്ത്രത്തിൻറെ നൂതന അറിവുള്ള അപ്ഡേറ്റ് ചെയ്യലും ശാസ്ത്രീയ മനോഭാവമുള്ളവരാക്കലും | *സയൻസ് ക്ലബ് രൂപീകരണം<br>* ശാസ്ത്രക്ലാസുകൾ | June<br>academic year | Science teacher<br>SRG | PTA<br>SMC |
| സ്കൂൾ ശാസ്ത്ര ലാബിന്റെ നവീകരണം | വിവിധ ഉപകരണങ്ങൾ ചാർ മോഡൽ ക്രമീകരിക്കുക | Academic year | Science teacher | SRG<br>SMC<br>PTA |
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രം അറിയുക | ഔഷധത്തോട്ടം<br>പച്ചക്കറിത്തോട്ടം<br>പൂന്തോട്ടം | Academic year | Science club<br>Eco club | SRG<br>PTA |
| ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം | *പരിസരശുചീകരണം<br>*ശുചിത്വബോധവൽക്കരണം<br>*ആരോഗ്യക്ലാസ്സ്<br>*വൈദ്യ പരിശോധന | Academic year | Science Teacher | ആരോഗ്യവകുപ്പ്<br>പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| ശാസ്ത്രോത്സവം | *ശാസ്ത്രമേള | I TERM | Science Teacher | Science council |
| ശാസ്ത്ര പഠനം രസകരമാക്കാനും ശാസ്ത്ര താൽപര്യം ഉണർത്താനും | *സയൻസ് മാഗസിൻ തയ്യാറാക്കൽ<br>*ദിനാചരണങ്ങൾ<br>*പഠനയാത്രകൾ | യഥാസമയങ്ങളിൽ | Science Teachers | SRG<br>PTA |
| ശാസ്ത്ര പ്രതിഭകളെ തിരിച്ചറിയൽ | NMMS പരിശീലനം | Academic year | Science teachers | SRG |
| ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ | പഠനഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ വീഡിയോ ആനിമേഷൻ എന്നിവ ഉപയോഗിക്കുക | Academic year | Science Teachers | Science council |

## ACADEMIC MASTER PLAN - HINDI

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | പിന്തുണ |
| --- | --- | --- | --- | --- |
| എല്ലാ കുട്ടികൾക്കും ഹിന്ദി എഴുതാനും വായിക്കാനും ഉള്ള കഴിവ് വളർത്തിയെടുക്കുക | *കുട്ടിയുടെ നിലവാരം കണ്ടെത്തുവാൻ പ്രീ ടെസ്റ്റ് നടത്തുന്നു ഹിന്ദി അക്ഷരങ്ങൾ ഹൃദിസ്ഥമാക്കുക കടഭാഗങ്ങൾ കൃത്യമായി വായിക്കുവാൻ പ്രേരണയും പരിശീലനവും നൽകുക | June | ഹിന്ദി അധ്യാപിക | |
| ഹിന്ദി സംസാരിക്കാനുള്ള പ്രത്യേക പരിശീലനം | ഹിന്ദി ക്ലാസുകളിൽ ഹിന്ദി അന്തരീക്ഷ സൃഷ്ടിക്കുക ക്ലാസുകളിൽ ലളിതമായ ഭാഷയിൽ ഹിന്ദി സംസാരിക്കുക അധ്യാപകർ ഹിന്ദിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുക | ജൂൺ | ഹിന്ദി അധ്യാപിക | |
| ഹിന്ദി ക്ലബ് | ഹിന്ദി ക്ലബ്ബ് ഉദ്ഘാടനം നടത്തുക ഭാരവാഹികളെ തിരഞ്ഞെടുക്കുക ക്ലബ്ബിൻറെ അഭിമുഖ്യത്തിൽ വിവിധ പരിപാടികൾ നടത്തുക | ജൂലൈ | ഹിന്ദി അധ്യാപിക വിദ്യാർഥികൾ | |
| ഹിന്ദി പ്രദർശനം ബോർഡ് | പൊതുവായ ഒരു പ്രദർശന കൂടെ നിർമ്മിക്കുവാൻ ബന്ധപ്പെട്ട കാര്യങ്ങൾ ഫോണിൽ പ്രദർശിപ്പിക്കുക | ജൂൺ | ഹിന്ദി അധ്യാപിക | |
| ആഴ്ചയിൽ ഒരു ഹിന്ദി വാക്ക് | വാക്ക്പയറ്റ് എന്ന പദത്തിലൂടെ ഓരോ കുട്ടിയും ഓരോ ഹിന്ദു പ്രദർശന എഴുതുന്നു. ഓരോ ഭാഗത്തേയും അവസാന | ജൂൺ മുതൽ | ഹിന്ദി അധ്യാപിക | |

| | | | |
|---|---|---|---|
| | അക്ഷരത്തിന്റെ തുടർച്ചയിൽ കുട്ടികൾ ഓരോ വാക്കുകൾ എഴുതുന്നു | | |
| ഓരോ ക്ലാസിലും ദിവസവും ഹിന്ദി വൈപ്പിക്കുക ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക | ഹിന്ദിയിൽ എണ്ണം ആഴ്ച, മാസം എന്നിവയുടെ ദൈനംദിനം അവതരണം | പ്രതിദിനം | ഹിന്ദി അധ്യാപിക |
| ഹിന്ദി അസംബ്ലി | ആഴ്ചയിൽ ഒരു ദിവസം ഹിന്ദി അസംബ്ലി നടത്തുക ഓരോ ആഴ്ചയിലും ഓരോ ക്ലാസുകൾ നേതൃത്വം നൽകുക ഇന്ത്യയിൽ പ്രാർത്ഥന ഗീത പ്രതിജ്ഞ വാർത്ത വിഷയം പുസ്തക പരിചയം വികൃതി വിവരണം കവി മുതലായവ ഉൾപ്പെടുത്തുക ദിനാചരണങ്ങൾ മുന്നൊരുക്കത്തോടെ നടത്തുക | ജൂൺ മുതൽ | ഹിന്ദി അധ്യാപിക വിദ്യാർഥികൾ |
| ഹിന്ദി കയ്യെഴുത്തു മാസിക | ജൂൺ മാസം മുതൽ കുട്ടികൾ ഹിന്ദി അധ്യാപിക വിദ്യാർഥികൾ തയ്യാറാക്കുന്ന ഉൽപ്പന്നങ്ങൾ ശേഖരിച്ച് ജനുവരിയിൽ കൈയ്യെഴുത്ത് മാസിക പ്രസിദ്ധീകരിക്കുക | ജൂൺ മുതൽ ജനുവരി | ഹിന്ദി അധ്യാപിക വിദ്യാർഥികൾ |

## അദ്ധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ/ | പേര് | ആൺ / | തസ്തിക | യോഗ്യത | വിലാസം | വിശേഷ |
|---|---|---|---|---|---|---|

| നം | | പെൺ | | | | ചുമതല |
|---|---|---|---|---|---|---|
| 1 | അന സൂസൻ വർഗീസ് | പെൺ | എച് എം | എം എ , ബി . എഡ് സെറ്റ് | അനുഗ്രഹ, കോട്ടുകളഞ്ഞി (P.0), ചെങ്ങന്നൂർ ഫോ : 9495114741 | മുഴുവൻ ചുമതല |
| 2 | ലോയൽ കാർത്തികേയൻ | ആൺ | എച്ച്. എസ്, എ മാത്തമാറ്റിക്സ് | ബി. സ് .സി , ബി . എഡ് | പുത്തേരേത്ത് കിഴക്കതിൽ കണ്ണമംഗലം നോർത്ത്, ചെട്ടികുളങ്ങര ഫോ : 9744293930 | സീനിയർ അസിസ്റ്റന്റ് SITC , SPORTS , SOCIAL SERVICE SCHEME - CO-ORDINATOR |
| 3 | രഞ്ചുമോൾ പി.ബി | പെൺ | എച്ച്.എ സ്.എ സോഷ്യൽ സയൻസ് | എം എ , ബി . എഡ് സെറ്റ് | കുരിശേരിൽ, പാണ്ടനാട് P.O, ചെങ്ങന്നൂർ ഫോ : 9388953219 | SRG CONVENOR , ORC SCHOOL CO-ORDINATOR UDISE |
| 4 | സുനിത . വി. എസ് | പെൺ | എച്ച്.എ സ്.എ ഫിസിക്കൽ സയൻസ് | എം എസ്. സി, ബി. എഡ്, | ഇടശ്ശേരിയത്ത് സുജിത്ത് ഭവനം ചെറുകോൽ , മാവേലിക്കര ഫോ : 9446881738 | Tinkering lab , Teens club |
| 5 | രശ്മി കെ ആർ | പെൺ | എച്ച്.എ സ്.എ ഹിന്ദി | എം എ , ബി . എഡ് , പി എച് ഡി | ജയദീപം , ഏണ്ണിക്കര , കരകുളം ( po) തിരുവനതപുരം ഫോ : 9656742919 | Staff secratary students saving account |
| 6 | ദിവ്യ എ ഡി | പെൺ | എച്ച്.എ സ്.എ മലയാളം | ബി എ , ബി. എഡ്, | ദിവ്യാ ഭവൻ വാവുക്കോണം , ആലിയാട് , ( PO ) വെഞ്ഞാറമൂട് ഫോ : 8086524052 | Social service scheme - school co ordinator , വിദ്യാരംഗം കല സാഹിത്യവേദി |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 7 | തോമസ് ജി | ആൺ | യു പി സ് എ | എം എ , ബി . എഡ് | കണിയന്റെ തെക്കേതിൽ ഒരിപ്പുറം ചെന്നിത്തല ( P O മാവേലിക്കര | ലൈബ്രറി , സൊസൈറ്റി ,ജൈവവൈവിധ്യ പാർക്ക് |
| 8 | ബിന്ദു ആർ കൃഷ്ണൻ | പെൺ | യു പി സ് എ | എം സ് സി , ബി . എഡ് സെറ്റ് | ചെമ്പഴന്നൂർ ഹൗസ് , പാണ്ടനാട് ( P O ) ചെങ്ങന്നൂർ ഫോ : 9745814755 | Noon meal , youth festival , ( program co-ordinator സഹിതം പോർട്ടൽ |
| 9 | ജോസ്ന മേരി ജയിംസ് | പെൺ | യു പി സ് എ | എം സ് സി , ബി . എഡ് | പുത്തൻപറമ്പിൽ തോന്നായ്ക്കട് ( P O ) ചെങ്ങന്നൂർ ഫോ : | വിമുക്തി - സ്കൂൾ കോ-ഓർഡിനേറ്റർ Helping hand ( u p ) |
| 10 | രേഷ്മ ആർ | പെൺ | വർക്ക് ഷോപ് ഇൻസ്ട്രക്ടർ | ബി ടെക് | പുത്തൻവീട്ടിൽ തെങ്ങുംതര പഴകുളം( P O ) അടൂർ ഫോ : 7558054381 | School protection group - nodel officer |

## താൽകാലിക ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ/ നം | പേര് | ആൺ / പെൺ | തസ്തിക | യോഗ്യത | വിലാസം | വിശേഷ ചുമതല |
|---|---|---|---|---|---|---|
| 1 | മീര രാജൻ | പെൺ | എച് എസ് എ ഇംഗ്ലീഷ് | എം എ , ബി എഡ് നെറ്റ് | കൃഷ്ണവിലാസം ചൈത്രം മങ്ങാടി ( P O ) തിരുവല്ല ഫോ : 8281197150 | MEDIA |

## സൈക്കോ - സോഷ്യൽ സ്കൂൾ കൗൺസിൽ

| ക്രമ/ നം | പേര് | ആൺ / പെൺ | തസ്തിക | യോഗ്യത | വിലാസം | വിശേഷ ചുമതല |
|---|---|---|---|---|---|---|
| 1 | അഞ്ജലി ജി | പെൺ | സൈക്കോ -സോഷ്യൽ സ്കൂൾ കൗൺസിൽ | M S W | ശാരദ ഭവനം, കൊറ്റാർകാവ്, മാവേലിക്കര ( P O ) | |

## ഓഫിസ് ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ/ നം | പേര് | ആൺ / പെൺ | തസ്തിക | യോഗ്യത | വിലാസം |
|---|---|---|---|---|---|
| 1 | സുദർശനകുമാർ പി സി | ആൺ | ക്ലാർക്ക് | S S L C | കരിങ്ങാറ്റിൽ കിഴക്കേതിൽ പുലിയൂർ ( p o ) ചെങ്ങന്നൂർ |
| 2 | ഫ്രാൻസിസ് മനോഹരം | ആൺ | ഓഫീസ് അറ്റന്റന്ഡന്റ് | S S L C | ഫ് സ് ഭവൻ ധനുവച്ചപുരം ( p o ) തിരുവനന്തപുരം |
| 3 | പ്രവീൺ രാജ് | ആൺ | ഓഫീസ് അറ്റന്റന്ഡന്റ് | PLUS TWO | രുഗ്മിണി സദനം മൈലക്കാട് ( p o ) കൊട്ടിയം , കൊല്ലം |
| 4 | രാജൻ പി ടി | ആൺ | ഫ് ടി എം | S S L C` | പുത്തറയിൽ ,പുലിയൂർ ( p o ) ചെങ്ങന്നൂർ |